# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1886** | **05-07-2022 - ൽ മറുപടിയ്ക്ക്**

## കായിക പ്രതിഭകൾക്ക് സർക്കാർ ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വാഗ്ദാനം ചെയ്യപ്പെട്ട ജോലി ലഭിക്കാത്തതുമൂലം മുൻ സർക്കാരിന്റെ കാലത്ത് കായിക പ്രതിഭകൾ സെക്രട്ടേറിയേറ്റ് പടിക്കൽ സമരം ചെയ്തതിനെത്തുടർന്ന് സർക്കാർ എന്തൊക്കെ ഉറപ്പുകളാണ് നൽകിയതെന്നും ഇവയിൽ ഏതൊക്കെ കാര്യങ്ങൾ നടപ്പാക്കിയെന്നും വ്യക്തമാക്കുമോ; | (എ) | **2010 - 14 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് കായികതാരങ്ങളുമായി വകുപ്പ് മന്ത്രി 17.12.2021-ൽ ചേർന്ന യോഗത്തിൽ സ്പോർട്സ് ക്വാട്ടാ നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കാൻ ഒരു ഉന്നതതല സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ആദ്യയോഗം 25.04.2022-ന് ചേരുകയുണ്ടായി.**<br><br>**2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള ഒഴിവുകളിൽ നിയമനത്തിനായി പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 195 കായികതാരങ്ങൾക്ക് 10.02.2020-ൽ നിയമനാനുമതി നൽകിയിട്ടുണ്ട്.**<br><br>**2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനായി 86 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റിലുള്ള ഒരു ഉദ്യോഗാർത്ഥി മൂന്ന് വർഷങ്ങളിലെ ലിസ്റ്റിലും 13 ഉദ്യോഗാർത്ഥികൾ രണ്ട് വർഷങ്ങളിലെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും 24 പേർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ശേഷിക്കുന്ന കായികതാരങ്ങളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.**<br><br>**2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള249ഒഴിവുകളിൽ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം കായിക താരങ്ങൾ** |

| | | | |
|---|---|---|---|
| | | | **സമർപ്പിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.** |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക പ്രതിഭകൾക്ക് സർക്കാർ സർവീസിൽ ജോലി നൽകിയെന്ന് അറിയിക്കുമോ; എത്ര അപേക്ഷകളിലാണ് ഇനി തീരുമാനം എടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | **2010 - 14 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് കായികതാരങ്ങളുമായി വകുപ്പ് മന്ത്രി 17.12.2021-ൽ ചേർന്ന യോഗത്തിൽ സ്പോർട്സ് ക്വാട്ടാ നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കാൻ ഒരു ഉന്നതതല സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ആദ്യയോഗം 25.04.2022-ന് ചേരുകയുണ്ടായി.**<br><br>**2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള ഒഴിവുകളിൽ നിയമനത്തിനായി പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 195 കായികതാരങ്ങൾക്ക് 10.02.2020-ൽ നിയമനാനുമതി നൽകിയിട്ടുണ്ട്.**<br><br>**2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനായി 86 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റിലുള്ള ഒരു ഉദ്യോഗാർത്ഥി മൂന്ന് വർഷങ്ങളിലെ ലിസ്റ്റിലും 13 ഉദ്യോഗാർത്ഥികൾ രണ്ട് വർഷങ്ങളിലെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും 24 പേർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ശേഷിക്കുന്ന കായികതാരങ്ങളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.**<br><br>**2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള249ഒഴിവുകളിൽ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം കായിക താരങ്ങൾ സമർപ്പിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.** |
| (സി) | സംസ്ഥാനത്തിന്റെ അഭിമാനം ഉയർത്തുന്ന തരത്തിൽ പ്രകടനം നടത്തിയ കായിക പ്രതിഭകൾക്ക് സമയബന്ധിതമായി അർഹതപ്പെട്ട സർക്കാർ ജോലി നൽകുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | **2010 - 14 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് കായികതാരങ്ങളുമായി വകുപ്പ് മന്ത്രി 17.12.2021-ൽ ചേർന്ന യോഗത്തിൽ സ്പോർട്സ് ക്വാട്ടാ നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കാൻ ഒരു ഉന്നതതല സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ആദ്യയോഗം 25.04.2022-ന് ചേരുകയുണ്ടായി.**<br><br>**2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള ഒഴിവുകളിൽ** |

| | | | |
|---|---|---|---|
| | | | **നിയമനത്തിനായി പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 195 കായികതാരങ്ങൾക്ക് 10.02.2020-ൽ നിയമനാനുമതി നൽകിയിട്ടുണ്ട്.**<br><br>**2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനായി 86 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റിലുള്ള ഒരു ഉദ്യോഗാർത്ഥി മൂന്ന് വർഷങ്ങളിലെ ലിസ്റ്റിലും 13 ഉദ്യോഗാർത്ഥികൾ രണ്ട് വർഷങ്ങളിലെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും 24 പേർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ശേഷിക്കുന്ന കായികതാരങ്ങളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.**<br><br>**2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള249ഒഴിവുകളിൽ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം കായിക താരങ്ങൾ സമർപ്പിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.** |

സെക്ഷൻ ഓഫീസർ